# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4210** **21.07.2015 ൽ മറുപടിയ്ക്ക്**

## റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും

ചോദ്യം

ശ്രീ. ജെയിംസ് മാത്യു

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കഴിഞ്ഞ പത്ത് വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കാമോ ;

(എ) സംസ്ഥാനത്തെ റബ്ബറിന്റെ ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച് റബ്ബർബോർഡിൽ ലഭ്യമായിട്ടുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു.

| വർഷം | ഉല്പാദനം (ടൺ) | ഉപഭോഗം (ടൺ) |
|---|---|---|
| 2000-01 | 630405 | 631475 |
| 2001-02 | 631400 | 638210 |
| 2002-03 | 649435 | 695425 |
| 2003-04 | 711650 | 719600 |
| 2004-05 | 749665 | 755405 |
| 2005-06 | 802625 | 801180 |
| 2006-07 | 852895 | 820305 |
| 2007-08 | 825345 | 861455 |
| 2008-09 | 864500 | 871720 |
| 2009-10 | 831400 | 930565 |

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റബ്ബർ ഉപയോഗിക്കുന്ന അഞ്ച് വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) പെരിയാർ ലാറ്റക്സ് (മൂവാറ്റുപുഴ), റോയൽ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് (എറണാകുളം), സിലിക്കൺ റബ്ബേഴ്സ് (കൊച്ചി), ഈസ്റ്റേൺ ട്രേഡ്സ് (എറണാകുളം), എ.വി. തോമസ് ആന്റ് കോ.ലിമിറ്റഡ് (കൊച്ചി) എന്നിവ റബ്ബർ ഉപയോഗിക്കുന്ന സംസ്ഥാനത്തെ പ്രമുഖ റബ്ബർ വ്യവസായ സ്ഥാപനങ്ങളാണ്.

(സി) റബ്ബർ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

(സി) റബ്ബറിനുണ്ടായിരിക്കുന്ന വിലയിടിവ് താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ്.

(i) അന്താരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്

(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം മൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്

(iii) വളരെ കുറഞ്ഞ അളവിൽ മാത്രമെ, ചൈന റബ്ബർ വാങ്ങുന്നുള്ളൂ.

(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

(v) തായിലന്റിൽ സംഭരണം നടപ്പിലാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്.

(vi) എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്.

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

സെക്ഷൻ ഓഫീസർ